**പതിനാലാം കേരള നിയമസഭ**

പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.829 06.06.2018 -ലെ മറുപടിക്ക്**

**ഞാറക്കൽ സീഷോർ കോളനിയിലെ നിർമ്മാണ പ്രവൃത്തികൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എസ്.ശർമ്മ** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | വൈപ്പിൻ നിയോജക മണ്ഡലത്തിലെ ഞാറക്കൽ സീഷോർ കോളനിയിലെ നിർമ്മാണ പ്രവൃത്തികൾ തടസ്സപ്പെട്ടു കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) | ഉണ്ട്. |
| (ബി) | ഇക്കാര്യം പരിഹരിക്കുന്നതിനും നിർമ്മാണ പ്രവൃത്തികൾ അടിയന്തരമായി പുനരാരംഭിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | (ബി) | സ്വയംപര്യാപ്ത ഗ്രാമം പദ്ധതി 2013-14 പ്രകാരം വൈപ്പിൻ നിയോജക മണ്ഡലത്തിലെ ഞാറയ്ക്കൽ സീഷോർ കോളനിയിലെ പ്രവൃത്തികൾ നിർവ്വഹണ ഏജൻസിയായ എഫ്.ഐ.റ്റി-യെ ഏൽപ്പിക്കുകയും രണ്ട് ഗഡുക്കളായി 65 ലക്ഷം രൂപ കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്. എന്നാൽ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് നിർവ്വഹണ ഏജൻസി തൃപ്തികരമാം വണ്ണം പ്രവർത്തിച്ചിട്ടില്ല. മഴക്കാലമാകുമ്പോൾ കോളനിയുടെ സ്ഥിതി കൂടുതൽ വഷളാകുമെന്നതിനാൽ അതിന് മുൻപ് പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് നിർവ്വഹണ ഏജൻസിക്ക് നിർദ്ദേശം നൽകിയിരുന്നു. പദ്ധതി നടത്തിപ്പിൽ ഇതിന് ശേഷം പുരോഗതി ഉണ്ടായിട്ടില്ല.<br>നിർമ്മാണ പ്രവൃത്തികൾ അടിയന്തിരമായി പുനരാരംഭിക്കുന്നതിന് നിർവ്വഹണ ഏജൻസിയ്ക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ